Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം : കൈറ്റ്/2026/1562 (66) തീയതി : 15.06.2026

## സർക്കുലർ

വിഷയം:- കൈറ്റ് - ലിറ്റിൽ കൈറ്റ്സ് സ്റ്റുഡന്റ് മെന്റർമാരെ തെരഞ്ഞെടുക്കുന്നതും അവർക്ക് പരിശീലനം നൽകുന്നതും സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- സ. ഉ(സാധാ) നം. 361/2018/പൊ.വി.വ തീയതി 20.01.2018.

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പ്രവർത്തിക്കുന്ന ലിറ്റിൽകൈറ്റ്സ് യൂണിറ്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അംഗങ്ങളിൽ നിന്ന് മെന്റർമാരെ തെരഞ്ഞെടുത്ത് അവർക്ക് പ്രത്യേക പരിശീലനം നൽകി സജ്ജരാക്കുന്നതിലൂടെ മറ്റ് കുട്ടികൾക്കും സാങ്കേതിക വിദ്യാപഠനം കൂടുതൽ ഫലപ്രദമാക്കാൻ കഴിയും. അതിനായി ഓരോ യൂണിറ്റിലും ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് സ്റ്റുഡന്റ് മെന്റർമാരെ തെരഞ്ഞെടുത്ത് പ്രവർത്തനങ്ങൾ ക്രമീകരിക്കേണ്ടതാണ്.

1. ഓരോ യൂണിറ്റിലും ഒൻപതാം ക്ലാസ് ബാച്ചിലെ പത്ത് കുട്ടികൾക്ക് ഒരാൾ എന്ന നിലയിൽ സ്റ്റുഡന്റ് മെന്റർമാരെ തെരഞ്ഞെടുക്കേണ്ടതാണ്. ലിറ്റിൽ കൈറ്റ്സ് ബാച്ച് ലീഡറും ഡെപ്യൂട്ടി ലീഡറും ഉൾപ്പെടെ 23 അംഗങ്ങളിൽ താഴെ - 2 പേർ, 24-35 അംഗങ്ങൾക്ക് - 3 പേർ, 35 അംഗങ്ങളിൽ കൂടുതൽ - 4 പേർ എന്ന ക്രമത്തിൽ മെന്റർമാരെ തെരഞ്ഞെടുക്കേണ്ടതാണ്.

2. ലിറ്റിൽ കൈറ്റ്സ് യൂണിറ്റിലെ പ്രവർത്തന മികവ്, മറ്റ് കുട്ടികളെ കൂട്ടിയോജിപ്പിക്കാനും അവർക്ക് കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കാനുമുള്ള കഴിവ്, പ്രവർത്തന സന്നദ്ധത, സാങ്കേതിക പരിജ്ഞാനം, അറിവ് മറ്റുള്ളവർക്ക് പകർന്ന് കൊടുക്കാനുള്ള താല്പര്യം തുടങ്ങിവയുടെ അടിസ്ഥാനത്തിൽ (പ്രഥമാധ്യാപകരും കൈറ്റ് മെന്റർമാരും ചേർന്ന്) സ്റ്റുഡന്റ് മെന്റർമാരെ തെരഞ്ഞെടുക്കേണ്ടത്.

3. ഓരോ സ്റ്റുഡന്റ് മെന്ററിനും പത്ത് വരെ കുട്ടികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെ ചുമതല നൽകേണ്ടതാണ്. ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ പ്രവർത്തനങ്ങളിൽ കൈറ്റ് മെന്ററോടൊപ്പം നിന്ന് മറ്റ് വിദ്യാർത്ഥികൾക്ക് വേണ്ട പിന്തുണ നൽകുക എന്നതാണ് ഇവരുടെ പ്രധാന ചുമതല.

4. സ്റ്റുഡന്റ് മെന്റർമാരുടെ പേരും അവർക്ക് ചുമതലയുള്ള കുട്ടികളുടെ വിവരവും ലിറ്റിൽ കൈറ്റ്സ് ഓൺലൈൻ മാനേജ്മെന്റ് സിസ്റ്റത്തിൽ കൈറ്റ് മെന്റർമാർ ഉൾപ്പെടുത്തേണ്ടതാണ്.

5. സ്റ്റുഡന്റ് മെന്റർമാരുടെ ദ്വൈമാസ യോഗങ്ങൾ ഉപജില്ലാ തലത്തിൽ ചുമതലയുള്ള മാസ്റ്റർ ട്രെയിനർമാരുടെ നേതൃത്വത്തിൽ വിളിച്ച് ചേർക്കേണ്ടതും യൂണിറ്റിലെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഓറിയന്റേഷൻ നൽകേണ്ടതുമാണ്.

6. സ്റ്റുഡന്റ് മെന്റർമാരുടെ ആദ്യ മീറ്റിംഗ് 2026 ജൂൺ 20-ന് ക്രമീകരിക്കേണ്ടതാണ്. മീറ്റിംഗ് സമയവും സ്ഥലവും ചുമതലയുള്ള മാസ്റ്റർ ട്രെയിനർമാർ അറിയിക്കുന്ന മുറയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട സ്റ്റുഡന്റ് മെന്റർമാരെ മീറ്റിംഗിൽ പങ്കെടുപ്പിക്കുന്നതിനുള്ള ക്രമീകരണം സ്കൂൾ പ്രധമാധ്യാപകരും കൈറ്റ് മെന്റർമാരും ചേർന്ന് ഒരുക്കേണ്ടതാണ്.

7. ജൂൺ 20 ന് നടക്കുന്ന ഓറിയന്റേഷൻ പ്രോഗ്രാം കൈറ്റിൽ നിന്ന് ലഭിക്കുന്ന മൊഡ്യൂൾ അടിസ്ഥാനമാക്കി മാസ്റ്റർ ട്രെയിനർമാർ നേരിട്ട് പരിശീലനം നൽകേണ്ടതാണ്.

കെ. അൻവർ സാദത്ത്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അനുവദിച്ച എല്ലാ സർക്കാർ,
എയ്ഡഡ് ഹൈസ്കൂൾ പ്രധമാധ്യാപകർക്കും – (ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)
പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ – (അറിവിലേക്ക്)
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും – ജില്ലാ കോ-ഓർഡിനേറ്റർ മുഖേന
അക്കാദമിക്, അക്കൗണ്ട്സ് വിഭാഗം, കൈറ്റ്
എല്ലാ ഡി.സി., എം.ടി.സി., എം.ടി.മാർക്കും
സ്റ്റോക്ക് ഫയൽ